"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

വ്യവസായ വകുപ്പ്-മൈനിംഗ് & ജിയോളജി-ശ്രീ. അബ്ദുൾ അസീസ്, ഇരിക്കാട്ട് (H), പെരുവന്താനം പി.ഒ, ഇടുക്കി എന്ന വ്യക്തിയുടെ ഉടമസ്ഥതയിൽ ഇടുക്കി ജില്ലയിൽ പീരുമേട് താലൂക്കിൽ പെരുവന്താനം വില്ലേജിൽ സർവ്വേ നമ്പർ 964/4, 969/3-1 ൽപ്പെട്ട വസ്തുവിൽ നിന്നും വാണിജ്യാവശ്യത്തിനുള്ള കെട്ടിട നിർമ്മാണത്തിന്റെ ഭാഗമായി 8637.354 ക്യൂബിക് മീറ്റർ സാധാരണ മണ്ണും, 20153.826 ക്യൂബിക് മീറ്റർ കരിങ്കല്ലും നീക്കം ചെയ്യുന്നതിന് കെ.എം.എം.സി ചട്ടങ്ങളിലെ, ചട്ടം 104 പ്രകാരം പ്രത്യേകാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**വ്യവസായ (എ) വകുപ്പ്**

സ.ഉ.(സാധാ) നം.1554/2025/ID തീയതി,തിരുവനന്തപുരം, 31-12-2025

---

പരാമർശം:-

1. കേരള മൈനർ മിനറൽ കൺസഷൻ ചട്ടങ്ങൾ
2. 23.08.2022-ലെ ശ്രീ. അബ്ദുൾ അസീസ്, ഇരിക്കാട്ട് (H), പെരുവന്താനം പി.ഒ, ഇടുക്കി സമർപ്പിച്ച അപേക്ഷ.
3. 17.03.2023-ലെ പെരുവന്താനം ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ SC2-BA(105956)/2023 നമ്പർ ബിൽഡിംഗ് പെർമിറ്റും ഡെവലപ്മെന്റ് പ്ലാനും.
4. 18.11.2023-ലെ ഇടുക്കി സബ് കളക്ടറുടെ RDOIDK/1096/2023-C3 നമ്പർ നിരാക്ഷേപ സാക്ഷ്യപത്രം.
5. 06.10.2022, 01.01.2024, 27.08.2025-ലെ ഇടുക്കി ജില്ലാ ജിയോളജിസ്റ്റിന്റെ DOIDU-DMG/1306/2022-M നമ്പർ കത്തുകൾ.
6. 26.09.2025, 18.11.2025-ലെ മൈനിംഗ് & ജിയോളജി ഡയറക്ടറുടെ DMG/3054/2022-M2 നമ്പർ കത്തുകൾ.

**<u>ഉത്തരവ്</u>**

ഇടുക്കി ജില്ലയിൽ പീരുമേട് താലൂക്കിൽ പെരുവന്താനം വില്ലേജിൽ സർവ്വേ നമ്പർ 964/4, 969/3-1 എന്നിവയിൽപ്പെട്ട 0.4638 ഹെക്ടർ സ്ഥലത്ത് വാണിജ്യ ആവശ്യത്തിനുള്ള കെട്ടിട നിർമ്മാണവുമായി ബന്ധപ്പെട്ട് സാധാരണ മണ്ണും കരിങ്കല്ലും ഖനനം ചെയ്യുന്നതിന് അനുമതി ലഭിക്കുന്നതിന് ശ്രീ. അബ്ദുൾ അസീസ്, ഇരിക്കാട്ട് (H), പെരുവന്താനം പി.ഒ, ഇടുക്കി എന്ന വ്യക്തി ജില്ലാ ഓഫീസിൽ അപേക്ഷ സമർപ്പിച്ചിരുന്നു. പെരുവന്താനം ഗ്രാമപഞ്ചായത്ത് സെക്രട്ടറി അനുവദിച്ച പരാമർശം(3) ബിൽഡിംഗ് പെർമിറ്റ് / ഡെവലപ്മെന്റ് പ്ലാൻ പ്രകാരം ആകെ 28791.18 $M^3$ ധാതു (ആയതിൽ 30% സാധാരണ മണ്ണും 70% കരിങ്കല്ലും ഉള്ളതായി പരാമർശിച്ചിട്ടുണ്ട്) ആണ് നീക്കം ചെയ്യേണ്ടതായിട്ടുള്ളത്. അപേക്ഷാ വസ്തുവിൽ 29.09.2022-ൽ ഇടുക്കി ജില്ലാ ആഫീസിൽ നിന്നും നടത്തിയ സ്ഥലപരിശോധനയിൽ ചരിവ് കൂടിയ പ്രദേശമായി കാണുകയും ടി വസ്തുവിൽ നിന്നും കെട്ടിടനിർമ്മാണത്തിന്റെ ഭാഗമായി മണ്ണ്/കരിങ്കല്ല് നീക്കുന്നതിന് അനുമതി നൽകുന്നത് ഇടുക്കി ജിയോളജിസ്റ്റ് വിയോജിപ്പ് അറിയിച്ചിരുന്നു. ആയതിനെതിരെ സ്ഥലമുടമ ബഹു. കേരള ഹൈക്കോടതിയിൽ ഫയൽ ചെയ്ത WP(C) No.41712/2022 കേസിലെ 10-8-2023- ലെ

ഉത്തരവിന്റെ അടിസ്ഥാനത്തിൽ റവന്യൂ ഡിവിഷണൽ ഓഫീസർ, ജില്ലാ ദുരന്തനിവാരണ ഹസാഡ് അനാലിസ്റ്റിന്റെ റിപ്പോർട്ട് തേടുകയും, ടി റിപ്പോർട്ടിലെ ശുപാർശകളായ "ചരിവ് കൂടിയ പ്രദേശമായതിനാൽ തട്ടുകളാക്കിയ ശേഷം നിർമ്മാണം നടത്താവുന്നതാണെന്നും, സ്ഫോടക വസ്തുക്കൾ ഉപയോഗിക്കാതെ രാസവസ്തുക്കൾ ഉപയോഗിച്ചോ മെഷീൻ ഉപയോഗിച്ചോ സ്ഥലത്തിന് ബലക്ഷയം ഉണ്ടാകാതെ ഖനനം നടത്തമെന്നും" പരിഗണിച്ച ഇടുക്കി സബ് കളക്ടർ പരാമർശം(4) നിരാക്ഷേപ പത്രം അനുവദിച്ചിട്ടുണ്ട്. മേൽ സാഹചര്യത്തിൽ ഇടുക്കി ജില്ലയിൽ പീരുമേട് താലൂക്കിൽ പെരുവന്താനം വില്ലേജിൽ സർവ്വേ നമ്പർ 964/4, 969/3-1 ൽ ഉൾപ്പെട്ട ശ്രീ അബ്ദുൾ അസീസ്, ഇരിക്കാട്ട് (H), പെരുവന്താനം പി.ഒ, ഇടുക്കി എന്ന വ്യക്തിയുടെ വസ്തുവിൽ നിന്നും വാണിജ്യാവശ്യത്തിനുള്ള കെട്ടിട നിർമ്മാണത്തിന്റെ ഭാഗമായി 28791.18 ക്യൂബിക് മീറ്റർ ധാതു (30% സാധാരണ മണ്ണും 70% കരിങ്കല്ലും) നിബന്ധനകൾക്ക് വിധേയമായി നീക്കം ചെയ്യുന്നതിന് ചട്ടം 104 പ്രകാരമുള്ള പ്രത്യേകാനുമതി നൽ കാവുന്നതാണെന്ന് മൈനിംഗ് & ജിയോളജി ഡയറക്ടർ പരാമർശം(6) പ്രകാരം ശിപാർശ ചെയ്തിരിക്കുന്നു.

2).സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. മൈനിംഗ് & ജിയോളജി ഡയറക്ടറുടെ ശിപാർശയുടെയും, ഇടുക്കി സബ് കളക്ടറുടെ നിരാക്ഷേപ പത്രത്തിന്റെയും അടിസ്ഥാനത്തിൽ ശ്രീ.അബ്ദുൾ അസീസ്, ഇരിക്കാട്ട് (H), പെരുവന്താനം പി.ഒ, ഇടുക്കി എന്ന വ്യക്തിയുടെ ഉടമസ്ഥതയിൽ ഇടുക്കി ജില്ലയിൽ പീരുമേട് താലൂക്കിൽ പെരുവന്താനം വില്ലേജിൽ സർവ്വേ നമ്പർ 964/4, 969/3-1 ൽപ്പെട്ട വസ്തുവിൽ നിന്നും വാണിജ്യാവശ്യത്തിനുള്ള കെട്ടിട നിർമ്മാണത്തിന്റെ ഭാഗമായി 8637.354 ക്യൂബിക് മീറ്റർ സാധാരണ മണ്ണും, 20153.826 ക്യൂബിക് മീറ്റർ കരിങ്കല്ലും ചുവടെപ്പറയുന്ന നിബന്ധനകൾക്ക് വിധേയമായി നീക്കം ചെയ്യുന്നതിന് കെ.എം.എം.സി ചട്ടങ്ങളിലെ, ചട്ടം 104 പ്രകാരം പ്രത്യേകാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

1.അവധി ദിവസങ്ങളിൽ ഖനന പ്രവർത്തനങ്ങൾ നടത്തുവാൻ പാടുള്ളതല്ല
2.അപേക്ഷയോടൊപ്പം സമർപ്പിച്ചിട്ടുള്ള എഞ്ചിനീയർ തയ്യാറാക്കിയ പ്ലാൻ പ്രകാരമുള്ള കരിങ്കല്ലിന് /മണ്ണിന് മുൻകൂറായി റോയൽറ്റി ഒടുക്കേണ്ടതാണ്.
3.സ്ഫോടകവസ്തു ഉപയോഗിച്ച് ഖനനം നടത്താൻ പാടില്ല.
4.പരിസരവാസികളുടെ ജീവനും സ്വത്തിനും ഭീഷണിയാകാത്ത രീതിയിൽ ധാതുക്കൾ നീക്കം നടത്തേണ്ടതാണ്.
5.ഇടുക്കി സബ്കളക്ടർ അനുവദിച്ച നിരാക്ഷേപപത്രത്തിലെ നിബന്ധനകൾക്ക് വിധേയമായി ധാതുക്കൾ നീക്കം ചെയ്യേണ്ടതാണ്.
6.ജില്ലാ ദുരന്ത നിവാരണ അതോറിറ്റി ഹസാർഡ് അനലിസ്റ്റിന്റെ ശുപാർശകൾ കൃത്യമായി പാലിക്കേണ്ടതാണ്.
7.ജില്ലാ ജിയോളജിസ്റ്റ് സാധാരണ മണ്ണ് നീക്കം ചെയ്യുന്നതിന് ആദ്യം അനുമതി നൽകിയ ശേഷം പ്രത്യേകം പരിശോധന നടത്തി അപകട സാധ്യത ഇല്ല എന്ന് വിലയിരുത്തിയ ശേഷം കരിങ്കല്ല് നീക്കം ചെയ്യുന്നതിന് ഘട്ടം ഘട്ടമായി അനുമതി നൽകേണ്ടതാണ്.
8.ജില്ലാ മിനറൽ സ്ക്വാഡ് ജിയോളജിസ്റ്റ് നിശ്ചിത ഇടവേളകളിൽ സ്ഥല പരിശോധന നടത്തി ധാതു നീക്കത്തിലൂടെ അപകട സാധ്യത ഇല്ല എന്ന് ഉറപ്പ് വരുത്തേണ്ടതാണ്.
9.സാധാരണ മണ്ണും കരിങ്കല്ലും നീക്കം ചെയ്യുമ്പോൾ പ്രത്യേകം രജിസ്റ്റർ സൂക്ഷിച്ച് പാസ് അനുവദിക്കേണ്ടതാണ്.
10.ഇടുക്കി ജില്ലാ ഇൻസ്പെക്ഷൻ സ്ക്വാഡ് ഉത്തരവ് തീയതി മുതൽ 3 മാസത്തിനുശേഷം സൈറ്റ് ഇൻസ്പെക്ഷൻ നടത്തി വസ്തുതാ അന്വേഷണ റിപ്പോർട്ട് മൈനിങ് & ജിയോളജി ഡയറക്ടർ മുഖേന സർക്കാരിൽ സമർപ്പിക്കേണ്ടതാണ്.

11.ചട്ടം 104 പ്രകാരം നൽകിയ പ്രത്യേകാനുമതി ദുരുപയോഗം ചെയ്തിട്ടുള്ളതായി തെളിയുകയാണെങ്കിൽ കെ.എം.എം.സി ചട്ടങ്ങൾ പ്രകാരം കർശന നിയമ നടപടി സ്വീകരിക്കുന്നതാണ്.

12. അപേക്ഷാ വസ്തു തട്ടുകളാക്കി സുരക്ഷാ മാനദണ്ഡങ്ങൾ പാലിച്ച് ധാതു നീക്കം ചെയ്ത ശേഷം മാത്രം നിർമ്മാണ പ്രവർത്തനങ്ങൾ നടത്തേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
SABU ANTONY K
ഡെപ്യൂട്ടി സെക്രട്ടറി

ഡയറക്ടർ, മൈനിംഗ് & ജിയോളജി വകുപ്പ്, തിരുവനന്തപുരം
സബ് കളക്ടർ, ഇടുക്കി
ജില്ലാ ജിയോളജിസ്റ്റ്, ഇടുക്കി
ശ്രീ.അബ്ദുൾ അസീസ്, ഇരിക്കാട്ട് (H), പെരുവന്താനം പി.ഒ, ഇടുക്കി
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്) കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ(എ&ഇ) കേരള, തിരുവനന്തപുരം
വിവര പൊതുജന സമ്പർക്ക(വെബ് & ന്യൂമീഡിയ) വകുപ്പ്
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Sachin V R
Date: 01-01-2026 12:53:33
സെക്ഷൻ ഓഫീസർ